# ഗിദെയോനും അവൻറെ സൈന്യവും

സാക് പുന്നൻ

WFTW 28 മെയ് 2017

ന്യായാധിപന്മാർ 6:34  ൽ എഴുതിയിരിക്കുന്നത്, 'ദൈവത്തിൻറെ ആത്മാവ് ഗിദെയോനെ ധരിപ്പിച്ചു' എന്നാണ്. അവൻ ധരിച്ചിരുന്ന വസ്ത്രം പോലെ പരിശുദ്ധാത്മാവ് അവൻറെ മേൽ വന്നു. ഗിദെയോന് അധികാരം ലഭിച്ചിട്ട് അവൻ കാഹളം ഊതുകയും യുദ്ധത്തിന് പുറപ്പെടുകയും ചെയ്തു. 32,000 പേർ അവനോടു കൂടെ യുദ്ധത്തിനു പോകാനായി വന്നു. എന്നാൽ യഹോവ അവനോട്, അവൻറെ കൂടെയുള്ള ജനം വളരെ അധികമാണെന്നു പറഞ്ഞു. (ന്യായാധിപന്മാർ 7:2). ദൈവത്തിന് അവരെ എല്ലാവരെയും ആവശ്യമില്ലായിരുന്നു കാരണം അവർ പൂർണ്ണമനസ്കരല്ലായിരുന്നു. അതുകൊണ്ട് ഭയമുള്ള എല്ലാവരും ഭവനത്തിലേക്ക് മടങ്ങി പോകുവാൻ ഗിദെയോൻ പറഞ്ഞു.

അതു തന്നെയാണ് കർത്താവ് നമ്മോടും പറയുന്നത്:' നിങ്ങൾ പിശാചിനെ ഭയപ്പെടുന്നുണ്ടോ? അങ്ങനെയെങ്കിൽ നിങ്ങൾ ഭവനത്തിലേക്ക് പോകുക. ആരെങ്കിലും നിങ്ങളെ 'ബേൽസെബൂൽ' എന്നോ 'ദുരുപദേഷ്ടാവ്' എന്നോ 'കള്ള പ്രവാചകൻ' എന്നോ വിളിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്നുണ്ടോ? അങ്ങനെയെങ്കിൽ നിങ്ങൾ ഭവനത്തിലേക്ക് പോകുക. കർത്താവിനെ സേവിച്ച് നിങ്ങളുടെ സമയം പാഴാക്കരുത്'

അന്ന് 22,000 പേർ ഭവനത്തിലേക്ക് തിരിച്ചു പോയി.10,000 പേർ പിന്നെയും ശേഷിച്ചു ( ന്യായാധിപന്മാർ 7:3).  ഇപ്പോഴും ജനങ്ങൾ അധികമാണെന്ന് ദൈവം പറഞ്ഞു. അവരും പൂർണ്ണ ഹൃദയരല്ലായിരുന്നു. അവരിൽ അധികംപേരും സ്വന്തം അന്വേഷിക്കുന്നവരായിരുന്നതു കൊണ്ട് അവരെ നീക്കികളയണമായിരുന്നു. ' അവരെ വെള്ളത്തിലേക്കു കൊണ്ടുപോക അപ്പോൾ അവിടെ വെച്ച് ഞാൻ അവരെ പരിശോധിക്കാം' (വാ:4). അവർ വെള്ളത്തിൻറെ അടുത്തെത്തിയപ്പോൾ, അവരിൽ മിക്കവരും ശത്രുവിൻറെ കാര്യമെല്ലാം മറന്ന് വെള്ളത്തിൽ മുട്ടുകുത്തി കുനിഞ്ഞുനിന്ന് വെള്ളം കുടിക്കാൻ തുടങ്ങി. മിക്ക ക്രിസ്ത്യാനികളും അങ്ങനെയാണ് ലോകത്തിലുള്ള ആകർഷകങ്ങളായ കാര്യങ്ങൾ കാണുമ്പോൾ, അവർ കർത്താവിനെയും കർത്താവിൻറെ യുദ്ധങ്ങളെയും കുറിച്ചുള്ളതെല്ലാം മറന്ന് അത്യാഗ്രഹത്തോടെ, സമ്പത്തിൻറെ പിന്നാലെ ഓടുന്ന കാര്യത്തിൽ തലപൂഴ്ത്തുന്നു. ഗിദെയോൻറെ പടയാളികളിൽ 9700 പേർ ആ ദിവസം അയോഗ്യരായി തള്ളപ്പെട്ടു.

പിന്നെ അവിടെ 300 പേർ മാത്രം ശേഷിച്ചു. ഈ പുരുഷന്മാർ വെള്ളത്തിൻറെ അടുത്തെത്തിയപ്പോൾ, ജാഗ്രതയോടു കൂടി ശത്രുക്കൾ വരുന്നുണ്ടോ എന്നു നോക്കിക്കൊണ്ട് അന്നേരത്തെ ദാഹം തീർക്കുവാൻ മതിയായ വെള്ളം മാത്രം അവരുടെ കൈകൊണ്ട് കോരി നക്കി കുടിച്ചു. ഇവർ പണവും ഭൗതിക വസ്തുക്കളും, അവയാൽ പിടിക്കപ്പെട്ടു പോകാതെ ഉപയോഗിക്കുന്നവരായ വിശ്വാസികളുടെ ഒരു ദൃഷ്ടാന്തമാണ്. അവർ ഉപജീവനത്തിനുവേണ്ടി തങ്ങളുടെ ഉദ്യോഗങ്ങളിൽ വിശ്വസ്തതയോടെ പ്രവൃത്തിക്കുന്നു. എന്നാൽ അവരുടെ ശേഷിക്കുന്ന സമയം കർത്താവിനുവേണ്ടി അവരാൽ കഴിയുന്നതു ചെയ്യുന്നതിനായി ചെലവാക്കുന്നു. ദൈവം പറയുന്നത്, 'അങ്ങനെയുള്ള വരെയാണ് എനിക്കാവശ്യം', അന്ന് ആ സൈന്യത്തിൽ 300 പേർ മാത്രമെ ശേഷിച്ചുള്ളു  ആരംഭത്തിൽ ഉണ്ടായിരുന്ന 32000 ത്തിൻറെ ഒരു ശതമാനത്തേക്കാൾ കുറവ്. ഈ ശതമാനം എപ്പോഴും ചെറിയതാണ്, കാരണം ജീവനിലേക്കുള്ള വഴി ഇടുക്കമുള്ളതും അതു കണ്ടെത്തുന്നവർ ചുരുക്കവുമാണ്. 600000 പേരിൽ 2 പേർ യോശുവയും കാലേബും  മാത്രമാണ് വാഗ്ദത്തദേശത്തു പ്രവേശിച്ചത്. എന്നാൽ കർത്താവ് ആ ചുരുക്കം പേരിൽ സന്തുഷ്ടനായിരുന്നു.

ന്യായാധിപന്മാർ 7:16 ൽ നാം വായിക്കുന്നത് ഗിദെയോൻ തൻറെ സൈന്യത്തെ 100 പേർ വീതമുള്ള മൂന്ന് സംഘങ്ങളായി വിഭാഗിച്ചു. ഓരോരുത്തനും കൈയിൽ ഒരു കാഹളവും, ഒഴിഞ്ഞ കുടവും, കുടത്തിനകത്ത് ഓരോ പന്തവും വഹിച്ചിരുന്നു. വെളിച്ചം പുറത്തുവരത്തക്കവണ്ണം. അവർ കുടം ഉടച്ചതിനുശേഷം അവർ തങ്ങളുടെ കാഹളം ഊതി. നമ്മുടെ ജീവിതവും ശുശ്രൂഷയും എപ്രകാരം ആയിരിക്കണമെന്നതിൻറെ ഒരു ചിത്രമാണിത്. നാം എല്ലാവരും മൺകുടങ്ങളാണ് എന്നാൽ ' ദൈവതേജസ്സിൻറെ ഈ നിക്ഷേപം നമ്മുടെ മൺപാത്രങ്ങളിലാണ് നമുക്ക് ലഭിച്ചിരിക്കുന്നത്' (2 കൊരിന്ത്യർ 4:6,7) എന്നാൽ മറ്റുള്ളവർക്ക് ഈ പ്രകാശം കാണാൻ കഴിയുന്നതിനു മുമ്പ്, അനേകം ശോധനകളിലൂടെ ' യേശുവിൻറെ മരണം' ഈ മൺപാത്രം തകർക്കപ്പെടേണ്ടതുണ്ട് ( 2 കൊരി 4:711). അല്ലാത്തപക്ഷം ഈ പ്രകാശം എന്നേക്കുമായി നമ്മിൽ തന്നെ മറയ്ക്കപ്പെട്ടിരിക്കും. ഗിദെയോൻറെ സൈന്യം വഹിച്ചിരുന്ന മൺകുടങ്ങളും അതു തകർക്കുമ്പോൾ മാത്രം ദൃശ്യമാകത്തക്കവിധം അതിനകത്തു വച്ചിരുന്ന പന്തങ്ങളുടെയും കാര്യം ചിന്തിച്ചു കൊണ്ടായിരുന്നു പൗലോസ് ഇതെഴുതിയത്. നമ്മുടെ ഉള്ളിലുള്ള ക്രിസ്തുവിൻറെ ജീവൻറെ വെളിച്ചം പുറത്തേക്ക് പ്രകാശിക്കുന്നതിനുവേണ്ടി, അനേക സാഹചര്യങ്ങളിലൂടെ ദൈവം നമ്മെ തകർക്കുവാൻ നോക്കുന്നു. കാഹളം ഊതുന്നത്, കർത്താവിൻറെ മഹത്വത്തെയും അവിടുത്തെ വചനത്തെയും ലജ്ജകൂടാതെ പ്രഘോഷിക്കുന്നതിൻറെ ഒരു ചിത്രമാണ്. ദൈവം ഇന്ന് അങ്ങനെയുള്ള സ്ത്രീപുരുഷന്മാരെയാണ് അന്വേഷിക്കുന്നത്.

ആരംഭത്തിൽ, ഗിദെയോൻ യുദ്ധത്തിനു പോകുന്നതിനു മുമ്പ്, യഹോവ അവനോടു പറഞ്ഞു, ' നിനക്ക് അൽപ്പം കൂടെ ധൈര്യം ആവശ്യമുണ്ടെങ്കിൽ, രാത്രിയിൽ നീ ശത്രുപാളയത്തിൻറെ നേരെ ഇറങ്ങിചെല്ലുക എന്നിട്ട് അവർ സംസാരിക്കുന്നതു നീ ശ്രദ്ധിക്കുക' ( ന്യായാധിപന്മാർ 7:10,11). ഗിദെയോൻ അവിടേക്ക് ഇറങ്ങി ചെന്നപ്പോൾ, അവർ എല്ലാവരും അവനെയും അവൻറെ കൂടെയുള്ള ആളുകളെയും ഭയപ്പെടുന്നതായി അവൻ കേട്ടു. ഇന്ന് നിങ്ങൾ പിശാചിൻറെ പാളയത്തിലേക്കു ചെന്നാൽ, യേശുവിനെയും അവിടുത്തെ പിൻഗമിക്കുന്നവരെയും അവർ ഭയപ്പെടുന്നു. എന്ന് അവർ പറയുന്നത് നിങ്ങൾ കേൾക്കും. സാത്താനെതിരായി യുദ്ധം ചെയ്യുന്നതിനു വേണ്ടി പോകുവാൻ അതു നമ്മെ പ്രോത്സാഹിപ്പിക്കും. പിശാച് യേശുക്രിസ്തുവിനെ ഭയപ്പെടുന്നു അവൻ വാസ്തവത്തിൽ നമ്മെയും ഭയപ്പെടുന്നു നാം യാഥാർത്ഥ ശിഷ്യന്മാരാണെങ്കിൽ. അതു കൊണ്ട് അവൻ നമ്മെ പേടിപ്പിക്കാൻ ശ്രമിക്കുമ്പോഴൊക്കെ അവൻറെ ഭോഷ്ക് നമുക്ക് വിളിച്ചു പറയാം.